# ബുള്ളറ്റിൽ മിന്നുംപ്രകടനം കാഴ്ചവച്ച് ആതിര മുരളി

തിരുവനന്തപുരം ●സംസ്ഥാന സ്കൂൾ കലോൽസവത്തിനു തുടക്കം കുറിച്ചു നടന്ന സാംസ്കാരിക ഘോഷയാത്രയിൽ ബുള്ളറ്റിൽ മിന്നുംപ്രകടനം കാഴ്ചവച്ച് ആതിര മുരളി. തിരുവനന്തപുരം പള്ളിച്ചൽ റീജനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിങ്ങിൽ മെക്കാനിക്കൽ എൻജിനീയറിങ് വിദ്യാർഥിനിയാണ് ഈ കൗമാരക്കാരി. കുട്ടിക്കാലം മുതൽ ബൈക്ക് റൈഡിങ് ഹരമായ ഈ കൊച്ചുമിടുക്കി വെറും റൈഡർ അല്ല. ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ വനിതയ്ക്കുള്ള ഇന്ത്യാബുക്ക് ഓഫ് റെക്കോർഡ്, യൂണിവേഴ്സൽ റെക്കോർഡ് ഫോറം അവാർഡ് എന്നിവ നേടിയ ആളാണ് ആതിര. കോട്ടയത്തെ ഒരു കൊച്ചു ഗ്രാമമായ പ്ലാക്കലാങ്കലിൽ നിന്നാണു വരവ്. 12 വയസ്സ് മുതൽ ബൈക്കുകൾ ഓടിച്ചുതുടങ്ങിയ ആതിര ഘോഷയാത്രയിൽ കുട്ടികൾക്കു പിന്തുണ അറിയിക്കാനും പ്രചോദനം നൽകാനുമാണു ബൈക്ക് റൈഡിങ് നടത്തിയത്. കേരളത്തിൽ ആദ്യത്തെ പ്രായം കുറഞ്ഞ ബൈക്ക് റൈഡറാണ് ഈ കുട്ടി. ഘോഷയാത്രയ്ക്കു പിന്തുണ അറിയിച്ചു മരിക്കാർ മോട്ടോഴ്സ് നടത്തിയ ബൈക്ക് റൈസിങ്ങിലാണ് ആതിര തിളക്കമുള്ള പ്രകടനം നടത്തിയത്. ഏത് ആൺകുട്ടിയെയും വെല്ലുന്ന മികവോടെ ബൈക്കിൽ മിന്നൽപ്രകടനങ്ങൾ നടത്തി കാണികളുടെ കയ്യടി ആവോളം ഈ കൗമാരക്കാരി ഏറ്റുവാങ്ങി. ആതിരയ്ക്കൊപ്പം 56 ബൈക്കുകളും ബൈക്ക് റൈസിങ്ങിൽ പങ്കെടുത്തു. സംസ്കൃത കോളജിനു മുന്നിൽ നടന്ന പ്രകടനം കയ്യടികളോടെയാണു കാണികൾ ഏറ്റുവാങ്ങിയത്.


തിരുവനന്തപുരത്ത് സംസ്ഥാന സ്കൂൾ കലോൽസവത്തിന്റെ ഉദ്ഘാടന ഘോഷയാത്രയിൽ ബുള്ളറ്റ് ഓടിക്കുന്ന ആതിര മുരളി.

# ഉൽസവാവേശത്തിൽ മനോരമ ഓൺലൈനും

തിരുവനന്തപുരം ● സംസ്ഥാന സ്കൂൾ കലോൽസവത്തിന്റെ ആവേശത്തിൽ പങ്കുചേർന്നു മനോരമ ഓൺലൈനും.

തൽസമയ വാർത്ത, വിഡിയോ റിപ്പോർട്ട്, ക്യാമറ കാഴ്ച എന്നിവയെല്ലാം കലോൽസവം പ്രത്യേക സൈറ്റിൽ ലഭ്യമാണ്. ഒഡിസിയ ക്ലാസ്മേറ്റ്സുമായി സഹകരിച്ചു നടത്തുന്ന പ്രതിദിന കലോൽസവം ക്വിസിൽ വിജയികളാകുന്ന അഞ്ചുപേർക്കും കലോൽസവ വേദിയിൽ തയാറാക്കിയ ഫോട്ടോ ബൂത്തിൽ എത്തി ഫോട്ടോ എടുക്കുന്നവരിൽ ഭാഗ്യശാലികളായ അഞ്ചു പേർക്കും പ്രത്യേകം സമ്മാനങ്ങളും ലഭിക്കും.

കലോൽസവം സൈറ്റിനായി www.manoramaonline.com/youthfest സന്ദർശിക്കുക. ഇംഗ്ലിഷ് വിഭാഗത്തിനായി www.onmanorama.com സന്ദർശിക്കുക. കലോൽസവ വേദിയിൽ നിന്നുള്ള വാർത്തകൾ നിങ്ങളുടെ മൊബൈലിൽ തൽസമയം എത്തിക്കാനായി ആൻഡ്രോയ്ഡ് മൊബൈൽ ആപ്പും മനോരമ ഓൺലൈൻ ലഭ്യമാക്കിയിട്ടുണ്ട്.




സംസ്ഥാന സ്കൂൾ കലോൽസവത്തിനു തുടക്കംകുറിച്ച് നടന്ന ഘോഷയാത്ര സെക്രട്ടറിയേറ്റിനു മുന്നിലൂടെ കടന്നുപോകുന്നു.


സംസ്ഥാന സ്കൂൾ കലോൽസവത്തിനു തുടക്കംകുറിച്ച് നടന്ന ഘോഷയാത്ര

# വൈവിധ്യനിറവിൽ, ആഘോഷപൂർവം...

തിരുവനന്തപുരം ● ഒരു ആനയും അമ്പാരിയും കൂടി ഉണ്ടായിരുന്നെങ്കിൽ ഒന്നാന്തരം പൂരമെന്നു വിളിക്കാമായിരുന്നു ഈ ഘോഷയാത്രയെ. അത്രമേൽ വർണാഭവും മേളക്കൊഴുപ്പേകിയതുമായിരുന്നു സംസ്ഥാന സ്കൂൾ കലോൽസവത്തിനു തുടക്കം കുറിച്ചു നടന്ന സാംസ്കാരിക ഘോഷയാത്ര. ഏഴ വർഷങ്ങൾക്കു ശേഷം തലസ്ഥാനത്ത് എത്തിയ കലോൽസവത്തിനു വൻ സ്വീകരണമാണു ഘോഷയാത്രയിലൂടെ തലസ്ഥാനത്തെ കുട്ടികൾ നൽകിയത്. അൻപതോളം സ്കൂളിൽ നിന്നായി പതിനായിരത്തോളം കുട്ടികളാണു ഘോഷയാത്രയിൽ അണിനിരന്നത്. വെറുതെ കടന്നുപോകുക മാത്രമല്ല നാടൻ കലാരൂപങ്ങളും നിശ്ചലദൃശ്യങ്ങളും കൊണ്ടു കാണികളെ അമ്പരപ്പിക്കാനും ഘോഷയാത്രയ്ക്കു കഴിഞ്ഞു. ചുരുക്കത്തിൽ നഗരത്തെ പുളകം കൊള്ളിക്കുന്നതായിരുന്നു കുട്ടികളുടെ പ്രകടനം. ബാൻഡ്മേളം, ചെണ്ട, ശിങ്കാരി മേളം തുടങ്ങി വാദ്യമേളങ്ങൾ പൊടിപൊടിക്കുമ്പോൾ, അതിനു കൊഴുപ്പ് കൂട്ടാൻ കളരിപ്പയറ്റും കരാട്ടെ തുടങ്ങിയ മാർഷ്യൽ ആർട്സും കാണികൾക്കു വിരുന്നായി. ഒപ്പം നാടോടി നൃത്തം, കരകാട്ടം, തെയ്യം തുടങ്ങിയ കലാരൂപങ്ങൾ ഘോഷയാത്രയെ രസമയമാക്കി. വിവിധ സർക്കാർ ഏജൻസികൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സാംസ്കാരിക സംഘടനകൾ, ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബുകൾ, വ്യാപാരി വ്യവസായി സംഘടനകൾ എന്നിവ ഉൾപ്പെട്ട പത്തോളം നിശ്ചലദൃശ്യങ്ങൾ ഘോഷയാത്രയിൽ അണിനിരന്നു

പരിസ്ഥിതി സംരക്ഷണം, പ്ലാസ്റ്റിക്കിന് എതിരെയുള്ള സന്ദേശങ്ങൾ തുടങ്ങിയ നിശ്ചലദൃശ്യങ്ങളും മുത്തുക്കുടയും വെഞ്ചാമരവും വർണബാനറുകളും പിടിച്ചു കസവുസാരിയും പട്ടുപ്പാവാടയും ബ്ലൗസും അണിഞ്ഞ സുന്ദരികളും മുണ്ടിലും ഷർട്ടിലും എത്തിയ സുന്ദരൻമാരും ഘോഷയാത്രയുടെ മനോഹര കാഴ്ചകളായി. ഒപ്പം അധ്യാപകരും അധ്യാപികമാരും മറ്റു ജീവനക്കാരും പങ്കാളികളായി. റെക്കോർഡിന് ഉടമയായ ആതിര മുരളിയുടെ നേതൃത്വത്തിൽ 56 ബുള്ളറ്റുകൾ പങ്കെടുത്ത ബൈക്ക് റൈഡിങ്, സൈക്ലിങ്, റോളർ സ്കേറ്റിങ്, പൊലീസ് അശ്വാരൂഢസേന, ബാൻഡ്മേളം, മാർഷ്യൽ ആർട്സ്, നിശ്ചദൃശ്യങ്ങൾ എന്നിവ ഘോഷയാത്രയിലെ വേറിട്ട കാഴ്ചകളായി. ഘോഷയാത്ര കാണാനായി ഉച്ചമുതൽ തന്നെ ജനങ്ങൾ ഇരമ്പിയെത്തി. സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്ന വലിയ സംഘം കുട്ടികളുടെ പ്രകടനം കാണാൻ എത്തിയിരുന്നു. ഘോഷയാത്രയ്ക്കു തൊട്ടുമുൻപു സംസ്കൃത കോളജും പരിസരവും നിറഞ്ഞുകവിഞ്ഞു. സെക്രട്ടേറിയറ്റിനു മുന്നിലും മറ്റിടങ്ങളിലും സ്ഥിതി വ്യത്യസ്തമായില്ല. തകരപ്പറമ്പ് മേൽപ്പാലത്തിനു മുകളിലും ജനങ്ങൾ കലയുടെ മാമാങ്കത്തിനു മുന്നോടിയായുള്ള യാത്ര കാണാൻ തിക്കിത്തിരക്കി. ഘോഷയാത്രയിൽ പങ്കാളികളായ കുട്ടികൾക്കു വിവിധയിടങ്ങളിൽ ശ്രീമൂലം ക്ലബ്, മിൽമ, ലയൺസ് ക്ലബ്, ട്രിവാൻഡ്രം ക്ലബ്, വ്യാപാരി വ്യവസായി സമിതി എന്നിവ ലഘുഭക്ഷണ വിതരണവും നടത്തി.

പാളയം സംസ്കൃത കോളജിൽ നിന്ന് ഉച്ചയ്ക്കു മൂന്ന് മുപ്പതോടെയാണു ഘോഷയാത്ര ആരംഭിച്ചത്. കലോൽസവത്തിന്റെ പ്രധാന വേദിയായ പുത്ത രിക്കണ്ടത്തു വൈകിട്ട് അഞ്ചോടെ യാണു ഘോഷയാത്ര സമാപിച്ചത്. തുടർന്നു കലോൽസവത്തിന്റെ ഉദ്ഘാടനച്ചടങ്ങുകൾക്കു തുടക്കമായി . ഘോഷയാത്ര ഡിജിപി: ടി.പി. സെൻകുമാർ ഫ്ളാഗ് ഓഫ് ചെയ്തു. മേയർ വി.കെ. പ്രശാന്ത്, ഡിപിഐ4 എം.എസ്. ജയ, മന്ത്രിമാരായ പി-.കെ. അബ്ദുറബ്ബ്, കെ.എസ്. ശബരീനാഥൻ എംഎൽഎ, കൺവീനർ ജെ-.ആർ. സാനു, സമീർ സിദ്ദീഖി തുടങ്ങിയവർ പങ്കെടുത്തു.




സംസ്ഥാന സ്കൂൾ കലോൽസവത്തോടനുബന്ധിച്ചുള്ള ഘോഷയാത്രയിൽ നിന്ന്